# ഇസ്‌ലാമിക പാഠാവലി

## പുസ്തകം- 1

# ഇസ്ലാമിക പാഠാവലി

## പുസ്തകം- 1

വിവർത്തനം

**മൗലാനാ മുഹമ്മദ് അബുൽ വഫാ**

പ്രസാധകർ:

**ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്, കേരള**

**ഫോർട്ട് റോഡ്, കണ്ണൂർ- 670 001**

**Islamika Padavali**
(Malayalam)

Author :
Moulana Muhammad Sherif Sahib

Translated by :
Moulana Muhammad Abul Wafa

Printed at:
BRB Offset, Thavakkara, Kannur- 17

Published by :
Islam International Publications, Kerala

Copies:
2000

Ist Edition : 1970
IInd Edition : 1974
IIIrd Edition : 1988
IVth Edition : 2006

Price: 10/-

# പ്രസ്താവന

**പ്രാ**ഥമിക ഇസ്‌ലാമികപാഠങ്ങളുൾക്കൊളളിച്ചുകൊണ്ട് വിദ്യാർത്ഥികൾക്കായി പ്രസിദ്ധീകരിക്കുന്ന ഒരു ലഘുകൃതിയാണിത്. അറബിരാജ്യങ്ങളിൽ അഹ്മദിയ്യാ മിഷണറിയായി സേവനമനുഷ്ഠിച്ചിരുന്ന മൗലാനാ മുഹമ്മദ് ശരീഫ് സാഹിബ് രചിച്ചതും ഖാദിയാനിലെ സദ്ർ അഞ്ചുമൻ അഹ്മദിയ്യാ അംഗീകരിച്ചതുമായ 'ഇസ്‌ലാം കീ പഹ്‌ലി' എന്ന ചെറുപുസ്തകത്തിന്റെ സ്വതന്ത്ര വിവർത്തനമാണ് ഇസ്‌ലാമിക പാഠാവലി.

ഈ ഗ്രന്ഥം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തത് കേരളക്കരയിൽ ദീർഘകാലം അഹ്മദിയ്യാ മിഷണറിയായി സേവനം ചെയ്ത മർഹൂം മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബാണ്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. ആദ്യത്തേതിൽനിന്ന് വ്യത്യസ്തമായി ഈ പുസ്തകം 9 പാഠമായി തിരിക്കുകയും ഓരോ പാഠത്തിന്റേയും അവസാനം ചോദ്യങ്ങൾ ചേർക്കുകയും ചെയ്തിട്ടുണ്ട്.

നശ്റോ ഇശാഅത്ത് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ പുതിയതായി രൂപീകരിച്ച കേരളത്തിലെ പ്രസിദ്ധീകരണക്കമ്മിറ്റി പുറത്തിറക്കുന്ന ആദ്യപുസ്തകമാണിത്. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ ഇത് പൂർണ്ണമായും പ്രയോജനപ്പെടുത്തുമെന്ന ശുഭാപ്തിവിശ്വാസത്തോടെ ഈ കൃതി സവിനയം സമർപ്പിച്ചുകൊള്ളുന്നു.

കണ്ണൂർ
28.11.2006

സദ്ർ

## സത്യപ്രതിജ്ഞ

**(അത്ഫാലുൽ അഹ്മദിയ്യ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ
لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

**ഇ**സ്ലാം ദീനിനും അഹ്മദിയ്യാ ജമാഅത്തിനും സ്വസമുദായത്തിനും സ്വരാജ്യത്തിനും സേവനം ചെയ്യുന്നതിന് എപ്പോഴും സന്നദ്ധനായിരിക്കുമെന്ന് ഞാൻ ഏറ്റുപറഞ്ഞുകൊള്ളുന്നു. ഞാൻ എപ്പോഴും സത്യം പറയുന്നതാണ്; ഹസ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സിന്റെ എല്ലാ ഉപദേശങ്ങളും അനുസരിച്ച് വർത്തിക്കുവാൻ ഞാൻ പരിശ്രമിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

# ഇസ്‌ലാമിക പാഠാവലി

## പാഠം- 1

## ഇസ്‌ലാം

'**ഇ**സ്ലാം' എന്ന പദത്തിന്റെ അർത്ഥം അനുസരണം എന്നാകുന്നു. അതായത്, അല്ലാഹുവിനു പരിപൂർണ്ണമായി വഴിപ്പെടുക എന്ന് താല്പര്യം. മുഹമ്മദ്നബി(സ) മുഖേന അല്ലാഹു വെളിപ്പെടുത്തിയ ദീനിന് ഇസ്ലാം എന്നു പേർ നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവിനെ പരിപൂർണ്ണമായി അനുസരിക്കുന്നതിനുള്ള ഏകമാർഗ്ഗമാണത്.

ഇസ്ലാം എന്ന വാക്കിന് ശാന്തിയും സമാധാനവും നിലനിർത്തുകയെന്നും അർത്ഥമുണ്ട്. ലോകത്ത് ശാശ്വത സമാധാനം സ്ഥാപിക്കുന്നതിനുള്ള ഒരേയൊരു മാർഗ്ഗം ഇസ്ലാം മാത്രമാണ്.

ദീനുൽ ഇസ്ലാം അഥവാ ഇസ്ലാംമതം സ്വീകരിച്ച ആൾക്ക് മുസ്ലിം എന്നു പറയുന്നു. ഒരു യഥാർത്ഥ മുസ്ലിം അല്ലാഹുവിനെ പരിപൂർണ്ണമായി അനുസരിക്കുകയും മനുഷ്യർക്കിടയിൽ സമാധാനവും ശാന്തിയും നിലനിർത്തുന്നതിന് കഴിയുന്നത്ര പരിശ്രമിക്കുകയും ചെയ്യുന്നതാണ്. അതിന്നാവശ്യമായ എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും ഇസ്ലാമിലുണ്ട്.

ഇസ്ലാമിലെ എല്ലാ അദ്ധ്യാപനങ്ങളും മനുഷ്യർക്ക് ഗുണപ്ര

ദവും പ്രായോഗികവുമാകുന്നു. അതിന്റെ എല്ലാ തത്ത്വങ്ങളും യുക്തി സഹവും ബുദ്ധിക്ക് അനുയോജ്യവുമാണ്.

നാം മുസ്‌ലിംകളാണ്. സർവ്വമനുഷ്യർക്കുമുള്ള ഒരു ദൈവിക സന്ദേശമത്രെ ഇസ്‌ലാം. അതിനാൽ ലോകത്തെങ്ങുമുള്ള മുഴുവൻ ജനങ്ങൾക്കും ഇസ്‌ലാമിനെ പ്രബോധിക്കുകയും എല്ലാവരേയും സ്നേഹപൂർവ്വം അതിലേക്ക് ക്ഷണിക്കുകയും ചെയ്യേണ്ടത് നമ്മുടെ നിർബന്ധകടമയാകുന്നു.

## അടിസ്ഥാന കാര്യം

അല്ലാഹു ഏകനാണെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിന്റെ പ്രവാചകനാണെന്നുമുള്ളതാണ് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസം. എന്നാൽ, ഒരാൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ യഥാർത്ഥ മുസ്‌ലിമായി അംഗീകരിക്കപ്പെടണമെങ്കിൽ ഈ വിശ്വാസം സ്വീകരിച്ചാൽ മാത്രം പോരാ; അല്ലാഹുവിനേയും മുഹമ്മദനബി(സ)യേയും പരിപൂർണ്ണമായി അനുസരിക്കുക കൂടി വേണ്ടതാണ്.

## ഇസ്‌ലാം കാര്യങ്ങൾ

ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അഞ്ച് അനുഷ്ഠാനകർമ്മങ്ങൾ താഴെ പറയുന്നവയാണ്. അവയ്ക്ക് ഇസ്‌ലാം കാര്യങ്ങൾ എന്നു പറയുന്നു:-

بني الإسلام على خمس شهادة أن لا إله إلا الله وأن
محمدا رسول الله وإقام الصلوة وإيتاء الزكوة وصوم
رمضان وحج البيت من استطاع إليه سبيلا

**1. ശഹാദത്ത് കലിമ (സാക്ഷ്യവചനം)**

അർത്ഥം ഗ്രഹിച്ചു ചൊല്ലുക.

أشهد أن لا إله إلا الله وأشهد أن محمدا رسول الله

(ആരാധനയ്ക്ക് അർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദുനബി(സ) അല്ലാഹുവിന്റെ തിരുദൂതരാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു)

**2. ദിവസവും അഞ്ചുനേരം നിശ്ചിതസമയങ്ങളിൽ നമസ്കരിക്കുക.**

**3. 'സകാത്ത്' കൊടുക്കുക.**

**4. റമദാൻ മാസത്തിൽ നോമ്പ് നോല്ക്കുക.**

**5. കഴിവുള്ളവർ കഅ്ബയിൽപോയി ഹജ്ജ് ചെയ്യുക.**

◆◆◆◆◆

**ചോദ്യങ്ങൾ**

1. ഇസ്‌ലാം എന്ന പദത്തിന്റെ അർത്ഥമെന്ത്?
2. ആരെയാണ് മുസ്‌ലിം എന്ന് പറയുന്നത്?
3. ഇസ്‌ലാം കാര്യങ്ങൾ എത്ര? അവ ഏതെല്ലാം?
4. ശഹാദത്ത് കലിമ അർത്ഥസഹിതം പറയുക?
5. ഒരു മുസ്‌ലിമിന്റെ നിർബന്ധകടമ എന്ത്?
6. ഇസ്‌ലാമിന്റെ അടിസ്ഥാനവിശ്വാസമെന്ത്?
7. എങ്ങനെയുള്ള വ്യക്തിയാണ് അല്ലാഹുവിന്റെ ദൃഷ്ടിയിൽ യഥാർത്ഥ മുസ്‌ലിം?

## പാഠം. 2

## ഈമാൻ കാര്യങ്ങൾ

അടിസ്ഥാനപരമായ വിശ്വാസകാര്യങ്ങൾ ആറാകുന്നു. അവയ്ക്ക് ഈമാൻ കാര്യങ്ങൾ എന്നു പറയുന്നു.

الإيمان أن تؤمن بالله وملائكته وكتبه ورسله
واليوم الآخر والقدر خيره وشره من الله تعالى

**1. അല്ലാഹുവിൽ വിശ്വസിക്കുക.**

**2. അല്ലാഹുവിന്റെ മലക്കുകളിൽ വിശ്വസിക്കുക.**

**3. അല്ലാഹുവിന്റെ കിതാബുകളിൽ (ഗ്രന്ഥങ്ങളിൽ) വിശ്വസിക്കുക.**

**4. അല്ലാഹുവിന്റെ നബിമാരിൽ വിശ്വസിക്കുക.**

**5. അന്ത്യനാളിൽ (മരണാനന്തര ജീവിതത്തിൽ) വിശ്വസിക്കുക.**

**6. നന്മ തിന്മകളെ സംബന്ധിച്ച എല്ലാ വിധിനിർണ്ണയങ്ങളും അല്ലാഹുവിൽനിന്നുള്ളതാണെന്ന് വിശ്വസിക്കുക.**

### അല്ലാഹുവിൽ വിശ്വസിക്കൽ

അല്ലാഹു ഏകനാകുന്നു. അവന് സമനായി ആരുമില്ല. അവൻ ആരേയും ആശ്രയിക്കുന്നവനുമല്ല. എല്ലാ സൃഷ്ടികളും അവനെ ആശ്രയിക്കുന്നു. അവൻ സർവ്വാധിനാഥനാകുന്നു. അവൻ ആരുടേയും സന്താനമല്ല. അവന് ഒരു സന്താനവുമില്ല; ഭാര്യയുമില്ല. അല്ലാഹുവിനെ പുരുഷനെന്നോ സ്ത്രീയെന്നോ വിശേഷിപ്പിക്കാവതല്ല. നാമെല്ലാവരുടേയും പ്രപഞ്ച സകലത്തിന്റേയും സ്രഷ്ടാവും പാലകനും അവനത്രെ. എല്ലാത്തിന്റേയും സംരക്ഷകനും അവൻതന്നെ. നമുക്കാവശ്യമായതെല്ലാം നല്കി നമ്മെ അവൻ അനുഗ്രഹിച്ചിരിക്കു

ന്നു. അവൻ സർവ്വജ്ഞനാകുന്നു. ഉദ്ദേശിക്കുന്നതെല്ലാം ചെയ്യാൻ കഴിവുള്ളവനുമത്രെ അവൻ. തന്റെ ദാസരുടെ പ്രാർത്ഥനകൾ അവൻ കേൾക്കുകയും ഫലം നൽകുകയും ചെയ്യുന്നു. മാത്രമല്ല തന്റെ ഇഷ്ടദാസരോട് സംസാരിക്കുകയും ചെയ്യുന്നു. അവൻ അനാദ്യനും അനന്തനുമത്രെ. അവൻ ഉറങ്ങുകയില്ല; അശ്രദ്ധനാവുകയുമില്ല. ജീവിപ്പിക്കുക, മരിപ്പിക്കുക എന്നീ കാര്യങ്ങൾ അവന്റെ മാത്രം അധികാരത്തിൽ ഉള്ളതത്രെ. ആരാധനയ്ക്കർഹൻ അവനല്ലാതെ മറ്റാരുമില്ല. നാം അവനെ മാത്രമേ ആരാധിക്കാവൂ. സൂര്യൻ,ചന്ദ്രൻ, ഭൂമി, ആകാശങ്ങൾ എന്നിവയും ഭൂമിയിലുള്ള സർവ്വവസ്തുക്കളും നമ്മുടെ ഗുണത്തിന്നായി അവൻ സൃഷ്ടിക്കുകയും നമ്മെ അവൻ പരിപാലിക്കുകയും ചെയ്തുവരുന്നു. അപ്രകാരംതന്നെ നമ്മുടെ മാർഗ്ഗദർശനത്തിന്നായി അവൻ തന്റെ നബിമാരെ അയക്കുന്നു. അവൻ എപ്പോഴും നമ്മെ കാണുന്നു. പക്ഷേ, നമ്മുടെ കണ്ണുകൾക്ക് അവനെ കാണാൻ സാദ്ധ്യമല്ല. അവൻ നമ്മുടെ സൽക്കർമ്മങ്ങൾക്ക് സൽഫലവും ദുഷ്ക്കർമ്മങ്ങൾക്ക് ശിക്ഷയും നൽകുന്നതാണ്. എന്നാൽ, പശ്ചാത്തപിച്ചു മടങ്ങുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും ചെയ്യും. അവന്റെ കാരുണ്യം എല്ലാത്തിലും ഉപരിയാകുന്നു. നാം എപ്പോഴും അവനെ മാത്രം ആശ്രയിക്കേണ്ടതാണ്. നാം അവനോട് മാത്രമേ പ്രാർത്ഥിക്കാവൂ. നാം അല്ലാഹുവിന്റെ ഹിതത്തിനു എല്ലാത്തിലുമധികം പ്രാധാന്യം നൽകേണ്ടതുമാണ്.

## മലക്കുകൾ

അല്ലാഹുവിന്റെ സൃഷ്ടികളാണ് മലക്കുകൾ. നമ്മുടെ കണ്ണുകൾക്ക് അവരെ കാണുക സാദ്ധ്യമല്ല. സദാ അല്ലാഹുവിനെ ആരാധിക്കുന്നതിലും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിലും അവർ നിരതരാകുന്നു. അല്ലാഹു മലക്കുകളെ നമുക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തിയിരിക്കയാണ്. അവരിൽ ചിലർ അല്ലാഹുവിന്റെ വചനം അവന്റെ വിശുദ്ധരായ ദാസർക്ക് എത്തിച്ചുകൊടുക്കുന്നു. മഴ പെയ്യിക്കുക, വായു ചലിപ്പിക്കുക, ജീവൻ നൽകുക, ജീവൻ എടുത്തുകളയുക മുതലായ സകല പ്രപഞ്ചകാര്യങ്ങളും മലക്കുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാകുന്നു. ചുരുക്കത്തിൽ, മലക്കുകൾ നമുക്കായി പല കൃത്യങ്ങളും

നിർവ്വഹിക്കുന്നു. അവർ പരിശുദ്ധരും പാപരഹിതരുമത്രെ. ദൈവ ഹിതത്തിന്നെതിരായി അവർ ഒന്നുംതന്നെ ചെയ്യുകയില്ല.

മലക്കുകൾ അസംഖ്യം ഉണ്ട്. അവരുടെ എണ്ണം എത്രയെന്ന് അല്ലാഹു അല്ലാതെ മറ്റാരും അറിയുകയില്ല. പ്രധാനപ്പെട്ട നാലു മല ക്കുകളുടെ പേരുകൾ:-

(1) جِبْرِيْلُ ജിബ്‌രീൽ (2) مِيْكَائِيْلُ മീക്കാഈൽ (3)

ഇസ്റാഫീൽ (4) അസ്റാഈൽ.

മനുഷ്യഹൃദയങ്ങളിൽ ഉണ്ടാകുന്ന എല്ലാ നല്ല വിചാരങ്ങളും മലക്കുകൾ മുഖേന ഉണ്ടാകുന്നവയത്രെ. നാം അത്തരം നല്ല വിചാ രങ്ങളെ സ്വായത്തമാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

## നബിമാർ

മനുഷ്യർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചു പോകു മ്പോൾ അല്ലാഹു തന്റെ ഇഷ്ടദാസന്മാരിൽ ഒരാളെ നിയോഗിക്കു കയും അദ്ദേഹം മുഖേന തന്റെ സന്ദേശം ലോകത്തെ അറിയിക്കു കയും ചെയ്യുന്നു. അങ്ങനെ എഴുന്നേല്പിക്കപ്പെടുന്ന മഹാത്മാക്കളെ നബിമാർ (പ്രവാചകന്മാർ) എന്നും റസൂൽമാർ (ദൈവദൂതന്മാർ) എന്നും പറയുന്നു. അവർ തങ്ങൾക്ക് ലഭിക്കുന്ന അല്ലാഹുവിന്റെ സന്ദേശങ്ങൾ ജനങ്ങളെ അറിയിച്ചുകൊണ്ട് സദുപദേശങ്ങൾ മുഖേ നയും ഉത്തമമാതൃക മുഖേനയും ജനങ്ങളെ സൽപന്ഥാവിൽ നയി ക്കുന്നു.

അവർ പരിശുദ്ധരും സത്യസന്ധരുമാകുന്നു. ദൈവഹിതത്തി ന്നെതിരായി അവർ ഒന്നുംതന്നെ ചെയ്യുകയില്ല; പറയുകയുമില്ല. അവർക്ക് എപ്പോഴും ദൈവികസഹായം ലഭിച്ചുകൊണ്ടിരിക്കും. അവ രുടെ സത്യതയ്ക്ക് തെളിവായി അല്ലാഹു പല ദൃഷ്ടാന്തങ്ങളും വെളി പ്പെടുത്തിക്കൊടുക്കുന്നതുമാണ്.

ലോകത്ത് പല കാലഘട്ടങ്ങളിലായി വിവിധ സമുദായങ്ങളിൽ

നിരവധി പ്രവാചകന്മാർ അവതരിച്ചിട്ടുണ്ട്. ‘‘പ്രവാചകൻ വന്നിട്ടില്ലാത്ത ഒരു സമുദായവും ഇല്ല” എന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. 1,24,000 നബിമാർ വന്നിട്ടുണ്ടെന്ന് നബി(സ) പറയുകയുണ്ടായി. എന്നാൽ, കുറച്ച് നബിമാരുടെ പേരുകൾ മാത്രമാണ് ഖുർആനിൽ എടുത്തുപറഞ്ഞിട്ടുള്ളത്. നബി(സ) തിരുമേനിക്ക് മുമ്പേ വന്നതായി വിശുദ്ധഖുർആനിൽ പ്രസ്താവിക്കപ്പെട്ട പ്രവാചകന്മാരുടെ പേരുകളിൽ ചിലത് താഴെ ചേർക്കുന്നു:-

1. ആദം
2 ഇദ്‌രീസ്
3. നൂഹ്
4. ഹൂദ്
5. സാലിഹ്
6. ഇബ്റാഹീം
7. ലൂത്ത്
8. ഇസ്മാഈൽ
9. ഇസ്ഹാഖ്
10. യഅ്ഖൂബ്
11. അയ്യൂബ്
12. യൂസുഫ്
13. ശുഐബ്
14. മൂസാ
15. ഹാറൂൻ
16. അൽയസഅ്
17. ദാവൂദ്
18. സുലയ്മാൻ
19. ദുൽകിഫ്ൽ
20. ഇൽയാസ്
21. യൂനുസ്
22. സക്‌രിയ്യാ
23. യഹ്‌യാ
24. ഈസാ (അലയ്ഹിമുസ്സലാം)

പ്രവാചകന്മാരുടെ പദവികളിൽ വ്യത്യാസമുണ്ട്. അവരിൽ ചിലരുടെ പദവി മറ്റു ചിലരുടേതിനേക്കാൾ ഉയർന്നതാണ്. നമ്മുടെ മുഹമ്മദ് നബി(സ) മറ്റെല്ലാ പ്രവാചകന്മാരെക്കാളും ശ്രേഷ്ഠനും ഉന്നതനുമാണ്. എന്നാൽ, എല്ലാ പ്രവാചകന്മാരേയും വിശ്വസിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടത് നമുക്ക് നിർബ്ബന്ധമാണ്.

പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ) ഉൾപ്പെടെ എല്ലാ പ്രവാ

ചകന്മാരും മരിച്ചുപോയിരിക്കുന്നു. അവരിൽ ആരും തന്നെ തിരിച്ച് ഈ ലോകത്തേക്ക് വരികയില്ല.

പ്രവാചകന്മാർക്ക് അല്ലാഹുവിന്റെ പക്കൽ സമുന്നത പദവികളുണ്ടെങ്കിലും തിന്നുക, കുടിക്കുക, ഉറങ്ങുക മുതലായ ശാരീരികാവശ്യങ്ങൾ മറ്റു മനുഷ്യർക്കെന്നപോലെ അവർക്കുമുണ്ട്. അപ്രകാരം തന്നെ മരണത്തിൽനിന്നും അല്ലാഹു അവരിൽ ആരേയും ഒഴിച്ചു നിർത്തിയിട്ടില്ല, അവർ ജനിച്ചതും ജീവിച്ചതും ഭൂമിയിലായിരുന്നു. ഭൂമിയിൽത്തന്നെ അവർ മരിക്കുകയും ചെയ്തു. അവരിൽ ആരും തന്നെ ആകാശത്തേക്ക് പോയിട്ടില്ല. ഈസാനബി(അ) ആകാശത്തേക്ക് കയറിപ്പോയി അവിടെ ജീവിക്കുകയാണെന്ന് പലരും തെറ്റായി വിശ്വസിക്കുന്നുണ്ട്. അത് അന്ധവിശ്വാസം മാത്രമാണ്.

## ദൈവിക ഗ്രന്ഥങ്ങൾ

പ്രവാചകന്മാർ മുഖേന അല്ലാഹു ലോകത്തിനു നൽകുന്ന സന്ദേശങ്ങൾ എഴുതി രേഖപ്പെടുത്തുന്നു. അവ അല്ലാഹുവിന്റെ കിതാബുകൾ എന്നാണ് പറയപ്പെടുന്നത്. ഇങ്ങനെ, പല കാലങ്ങളിൽ വന്ന പ്രവാചകന്മാർ മുഖേന അല്ലാഹു അനവധി ഗ്രന്ഥങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഖുർആനിൽ പേരെടുത്തു പറയപ്പെട്ട അഞ്ച് ദൈവിക ഗ്രന്ഥങ്ങൾ താഴെ പറയുന്നവയത്രെ.

1. സൂഹുഫി ഇബ്റാഹീം (ഇബ്റാഹീം നബി(അ)ക്ക് ഇറങ്ങിയ ഏടുകൾ)

2. توراة തൗറാത്ത് (മൂസാനബി(അ)ക്ക് ഇറക്കപ്പെട്ട തൗറാത്ത് എന്ന ഗ്രന്ഥം)

3. زبور സബൂർ (ദാവൂദ് നബി(അ)ക്ക് ലഭിച്ച ദൈവിക സന്ദേശങ്ങൾക്ക് സബൂർ എന്ന് പറയുന്നു.

4. إنجيل ഇഞ്ചീൽ (ഈസാനബി(അ)ക്ക് ഇറക്കപ്പെട്ട സുവിശേഷ സന്ദേശങ്ങൾ)

5. قرآن ഖുർആൻ (മുഹമ്മദ് നബി(സ)ക്ക് അല്ലാഹു നൽകിയ ഗ്രന്ഥം)

മനുഷ്യജീവിതത്തിന്റെ എല്ലാ വശങ്ങൾക്കും ആവശ്യമായ നിയമങ്ങൾ, ഉപദേശങ്ങൾ, പ്രവചനങ്ങൾ, മുൻകഴിഞ്ഞ സംഭവങ്ങളെ സംബന്ധിച്ച വൃത്താന്തങ്ങൾ എന്നിവയത്രെ ദൈവികഗ്രന്ഥങ്ങളുടെ ഉള്ളടക്കം. എന്നാൽ, എല്ലാ കിതാബുകളും നിയമങ്ങൾ (ന്യായപ്രമാണങ്ങൾ) ഉൾക്കൊള്ളുന്നവയല്ല. തൗറാത്ത് ഇസ്റായീൽ സമുദായത്തിനു ആവശ്യമായ നിയമങ്ങൾ അടങ്ങിയ ഗ്രന്ഥമായിരുന്നു. പിന്നീട് അതിനെ കാലഹരണപ്പെടുത്തിക്കൊണ്ട് അവതരിച്ച ഖുർആൻ ലോകാവസാനംവരേയ്ക്കുള്ള സമസ്ത മനുഷ്യർക്കും മതിയായ പരിപൂർണ്ണ ന്യായപ്രമാണഗ്രന്ഥമാണ്.

## അന്ത്യനാൾ يَوْمُ الآخِرِ

നാമെല്ലാവരും മരിക്കും. തുടർന്ന് അല്ലാഹു നമ്മെ പുനരുജ്ജീവിപ്പിക്കും. മാത്രമല്ല, സർവ്വജീവജാലങ്ങളും നശിക്കുന്ന ഒരു കാലം വരും. പിന്നീട് അല്ലാഹു എല്ലാവരേയും പുനരുത്ഥാനം ചെയ്യിക്കും. ഒരു പ്രത്യേകതരം ആത്മീയജീവിതമായിരിക്കും അത്. ആ നാളിന് يَوْمُ القِيَامَة (പുനരുത്ഥാന നാൾ) എന്നും يَوْمُ الآخِرِ (അന്ത്യനാൾ) എന്നും പറയുന്നു. അന്ന് എല്ലാവരേയും അല്ലാഹു വിചാരണ ചെയ്യും. സൽക്കർമ്മം ചെയ്തവർക്ക് സൽഫലവും ദുഷ്ക്കർമ്മകാരികൾക്ക് ശിക്ഷയും ലഭിക്കുന്നതാണ്. സജ്ജനങ്ങൾ സുഖസമൃദ്ധമായ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടും. അവർ അവിടെ നിത്യവാസികളായിരിക്കും. അവർ അല്ലാഹുവിനെ ദർശിക്കും. ദുർജ്ജനങ്ങൾ നരകത്തിൽ ആപതിക്കും. അവർ അവിടെ പലതരം കഷ്ടതകളും വേദനകളും അനുഭവിക്കും. ആ ശിക്ഷ ദീർഘകാലം നിലനിൽക്കുന്നതുമാണ്.

◆◆◆◆◆

### ചോദ്യങ്ങൾ

1. ഈമാൻ കാര്യങ്ങൾ എത്ര? അവ ഏതെല്ലാം?
2. അല്ലാഹുവിന്റെ ഔദാര്യങ്ങൾ എന്തെല്ലാം?
3. ആരാണ് നമ്മുടെ ആരാധ്യൻ?

4. ആരാണ് മലക്കുകൾ?

5. മലക്കുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?

6. നാല് മലക്കുകളുടെ പേര് പറയുക?

7. ആരാണ് നബിമാർ?

8. അവരുടെ പ്രവർത്തനങ്ങൾ എന്തെല്ലാം?

9. എത്ര പ്രവാചകന്മാർ ലോകത്ത് വന്നിട്ടുണ്ട്?

10. ഖുർആനിൽ പേരെടുത്ത് പറഞ്ഞ പ്രവാചകന്മാർ ആരെല്ലാം?

11. ആരാണ് ശ്രേഷ്ഠപ്രവാചകൻ ?

12. ദൈവികഗ്രന്ഥങ്ങൾ എന്നാൽ എന്ത്?

13. ഖുർആൻ പേരെടുത്തു പറഞ്ഞ ദൈവികഗ്രന്ഥങ്ങൾ ഏതെല്ലാം?

14. അന്ത്യനാൾ എന്നാൽ എന്ത്?

## പാഠം- 3

# മുഹമ്മദ് നബി(സ) محمد صلى الله عليه وسلم

പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബി(സ)യുടെ ജന്മദേശം മക്ക യാണ്. അറബിരാജ്യത്തെ പ്രധാന പട്ടണമാണ് മക്ക. ക്രിസ്ത്വാബ്ദം 570 ആഗസ്റ്റ് 20-ാം തിയ്യതി, അറബിമാസം റബീഉൽഅവ്വൽ 12-ാം തിയ്യതി തിങ്കളാഴ്ച മുഹമ്മദ് നബി(സ) ഭൂജാതനായി. നബിയുടെ ജനനത്തിന് ഏതാനും മാസം മുമ്പേ പിതാവ് അബ്ദുല്ലാഹ് ഇഹലോ കവാസം വെടിഞ്ഞിരുന്നു.  മക്കയിലെ ഒരു പ്രധാന ഗോത്രമായ ഖുറൈശ് വംശത്തിൽ, ബനൂഹാശിം കുടുംബത്തിലെ ഒരു മാന്യ നായിരുന്നു അബ്ദുല്ലാഹ്. നബിക്ക് ആറുവയസ്സ് പ്രായമായപ്പോൾ മാതാവ് ആമിനയും പരലോകപ്രാപ്തയായി. പിന്നീട് പിതാമഹൻ അബ്ദുൽമുത്തലിബിന്റെ സംരക്ഷണത്തിലാണ് നബി(സ) വളർന്ന ത്. എട്ടുവയസ്സായപ്പോൾ അബ്ദുൽ മുത്തലിബും കാലഗതി പ്രാപി ച്ചു. അതിന്നുശേഷം നബിയുടെ രക്ഷാകർത്താവായിരുന്നത് പിതൃ സഹോദരനായ (മൂത്താപ്പ) അബൂത്വാലിബ് ആയിരുന്നു.

മുഹമ്മദ് നബി(സ) ചെറുപ്പം മുതൽക്കേ സൽസ്വഭാവിയും വിശ്വ സ്തനുമായിരുന്നു. ഒരിക്കലും കള്ളം പറയുകയോ ചീത്തവാക്കു പയോഗിക്കുകയോ ചെയ്തിരുന്നില്ല. സാധുക്കളെ സഹായിക്കുക, മർദ്ദിതരെ രക്ഷിക്കുക മുതലായ ജനസേവനങ്ങൾ ചെയ്യുന്നതിൽ തൽപരനായിരുന്നു. സമാധാനകാംക്ഷിയും ശാന്തനും സർവ്വരാലും ആദരണീയനുമായിരുന്നു. നബി(സ) ഒരിക്കലും ബഹുദൈവാരാ ധന ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതം എത്രയും പരിശു ദ്ധവും അങ്ങേയറ്റം അനുകരണീയവുമായിരുന്നു.

നബിക്ക് 40 വയസ്സ് പൂർത്തിയായപ്പോൾ അല്ലാഹു അദ്ദേഹത്തെ നബിയും റസൂലുമായി നിയോഗിച്ചു. അങ്ങനെ ദിവ്യസന്ദേശങ്ങൾ ഇറങ്ങിത്തുടങ്ങി. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നും

ബിംബാരാധന ഉപേക്ഷിക്കണമെന്നും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചു. മനുഷ്യരെ സ്നേഹിക്കണമെന്നും ലോകത്ത് നീതിയും ധർമ്മവും പുനഃസ്ഥാപിക്കണമെന്നും അദ്ദേഹം പ്രബോധിച്ചു.

എന്നാൽ, ബിംബാരാധനയിലും പലതരം അന്ധവിശ്വാസാചാരങ്ങളിലും കുറ്റകൃത്യങ്ങളിലും മുഴുകിയിരുന്ന അന്നത്തെ അറബികൾക്ക് ഈ ഉപദേശം അസഹ്യമായിത്തീർന്നു. അവർ നബി(സ)യെ രൂക്ഷമായി എതിർത്തു.  പക്ഷേ, ഏതാനും വർഷങ്ങളിൽ നല്ല മനുഷ്യരുടെ ഒരു ചെറുസംഘം തിരുമേനിയുടെ സന്ദേശം സ്വീകരിച്ചു മുസ്ലിംകളായി. എന്നാൽ, ഭൂരിപക്ഷീയരായ എതിരാളികൾ നബി(സ)യേയും അനുചരന്മാരേയും പലതരത്തിലും ഉപദ്രവിച്ചു കൊണ്ടിരുന്നു. സത്യപ്രചാരണം തടയാൻ അവർ അങ്ങേയറ്റം ശ്രമിച്ചു. നബി(സ) കൊണ്ടുവന്ന ദൈവികപ്രകാശം പരക്കാതിരിക്കാൻ അവർ എല്ലാവിധ ദ്രോഹനടപടികളും പ്രയോഗിച്ചു. ആ ഉപദ്രവങ്ങളെല്ലാം തിരുമേനിയും അനുചരന്മാരും സഹിച്ചു. സാധു മുസ്ലിംകളിൽ ചിലരെ ആ ദ്രോഹികൾ വധിച്ചു. സ്ത്രീകൾകൂടി അവരുടെ മൃഗീയമായ അക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. ഒടുവിൽ നബി (സ)യെ തന്നെയും വധിക്കാൻ അവർ ഒരുമ്പെട്ടു. അപ്പോൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് നബി(സ) സ്വദേശമായ മക്ക വിട്ട് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. അന്ന് നബി(സ) തിരുമേനിക്ക് 53 വയസ്സ് പ്രായമായിരുന്നു. അപ്പോൾ മക്കാനിവാസികളായ നബിയുടെ അനുയായികളും നബിയെ പിന്തുടർന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു. അവർ മദീനയിൽ അഭയം പ്രാപിച്ചു. മദീനാവാസികൾ നബിയേയും അനുചരന്മാരേയും സസ്നേഹം സ്വീകരിക്കുകയും ആദരിക്കുകയും സഹായിക്കുകയും ചെയ്തു. ചുരുങ്ങിയ കാലത്തിനുള്ളിൽ ഇസ്ലാം നാനാഭാഗത്തും പ്രചരിച്ചു ശക്തിപ്രാപിച്ചു തുടങ്ങി. എന്നാൽ, മക്കാനിവാസികളായ ശത്രുക്കൾ ഇസ്ലാമിനെ നശിപ്പിക്കുന്നതിനായി നബിയോട് യുദ്ധത്തിന് പുറപ്പെട്ടു. പക്ഷേ, അല്ലാഹുവിന്റെ സഹായത്താൽ നബിയും അനുയായികളും എല്ലാ യുദ്ധങ്ങളിലും വിജയിക്കുകയും ശത്രുക്കൾ പറ്റെ പരാജയപ്പെടുകയും ചെയ്തു. നബി(സ) ആ ശത്രുക്കൾക്ക് മാപ്പ് നൽകി. പിന്നീട് കൂട്ടംകൂട്ടമായി ജനങ്ങൾ നബിതിരുമേനിയെ വിശ്വസിച്ചു ഇസ്ലാംമതം സ്വീകരിച്ചു. നബിയുടെ

ഉൽക്കൃഷ്ട ഗുണഗണങ്ങളും അദ്ധ്യാപനങ്ങളും എല്ലാവരേയും ആകർഷിച്ചു. അങ്ങനെ ഇസ്‌ലാം മുഴുവൻ ലോകത്തും വ്യാപിച്ചു തുടങ്ങി.

മുഹമ്മദ് നബി(സ) തിരുമേനി ജനങ്ങളിൽ സമൂലമായ ഒരു ധാർമ്മിക പരിവർത്തനം വരുത്തുകയും അവരെ ഉയർത്തുകയും ചെയ്തു. രാവും പകലും അവരുടെ നന്മയ്ക്കായി അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. 63 വയസ്സായപ്പോൾ നബി (സ) വഫാത്തായി; മദീനയിലെ റൗളാശരീഫിൽ അന്ത്യവിശ്രമംകൊള്ളുന്നു. അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങൾ നബി(സ)തിരുമേനിക്കും അവിടത്തെ യഥാർത്ഥ അനുയായികൾക്കും ഉണ്ടാകട്ടെ. ആമീൻ.

മുഹമ്മദ് നബി(സ) ലോകത്തിന് അനുഗ്രഹമാകുന്നു. അദ്ദേഹം നിർവ്വഹിച്ച അത്രയധികം മഹൽകൃത്യങ്ങൾ മറ്റൊരു നബിയും നിർവ്വഹിച്ചിട്ടില്ല. അത്രയധികം ദൈവികസഹായവും പിന്തുണയും മറ്റാർക്കും ലഭിച്ചിട്ടുമില്ല. ആ തിരുമേനിക്ക് അവതരിച്ച ഖുർആൻ പോലെയുള്ള അത്രയും വിശിഷ്ടവും പരിപൂർണ്ണവുമായ ഒരു ഗ്രന്ഥം വേറെ ഒരു പ്രവാചകനും അവതരിച്ചിട്ടില്ല. ആത്മീയപദവിയിൽ നബി തിരുമേനിക്ക് തുല്യനായ ഒരു പ്രവാചകനും ലോകത്തുണ്ടായിട്ടില്ല; ഇനി ഉണ്ടാവുകയുമില്ല.

നബി(സ)യുടെ ഉൽക്കൃഷ്ട ഗുണങ്ങളും സൽസ്വഭാവങ്ങളും ശത്രുക്കളെപോലും ആകർഷിക്കുന്ന തരത്തിലുള്ളവയായിരുന്നു. അദ്ദേഹം അഗതികളുടെ സംരക്ഷകനും അശരണരുടെ സഹായകനുമായിരുന്നു. ഏറ്റവും ഉത്തമനായ മനുഷ്യസ്നേഹിയും ഏറ്റവും അധികം അല്ലാഹുവിനെ ആരാധിച്ച ആളുമായിരുന്നു.

നബിതിരുമേനി 'ഖാത്തമുന്നബിയ്യീൻ' ആകുന്നു. അതായത് പ്രവാചകത്വത്തിന്റെ എല്ലാ പരിപൂർണ്ണതകളും അദ്ദേഹത്തിൽ സമ്മേളിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തോടുള്ള അനുസരണം മുഖേനയല്ലാതെ പ്രവാചകത്വ പദവിയോ മറ്റ് ആത്മീയാനുഗ്രഹങ്ങളോ ഒരാൾക്കും ലഭിക്കുകയില്ല. അദ്ദേഹം മുഖേന പ്രബോധിക്കപ്പെട്ട ഇസ്‌ലാം ദീൻ മനുഷ്യകുലത്തിന്നാകമാനം ഉള്ളതത്രെ. ലോകാവസാനം വരെ അത് നിലനിൽക്കുകയും ചെയ്യും. മുമ്പേവന്ന പ്രവാ

ചകന്മാരുടെ ദൗത്യങ്ങൾ ഓരോന്നും പ്രത്യേകം നാട്ടിന്നോ ജനതയ്ക്കോ കാലത്തിനോ മാത്രം പരിമിതമായിരുന്നു. ആ ദൗത്യങ്ങളെല്ലാം കാലഹരണപ്പെട്ടുകഴിഞ്ഞു. എന്നാൽ മുഹമ്മദ് നബി(സ)യുടെ ദൗത്യം ഒരിക്കലും കാലഹരണപ്പെടുകയില്ല. അദ്ദേഹം പ്രബോധിച്ച പരിപൂർണ്ണമതമായ ഇസ്‌ലാം ലോകാവസാനംവരെ എല്ലാ മനുഷ്യർക്കുമായി നിലനിൽക്കുന്നതാണ്.

മുഹമ്മദ് നബി(സ)ക്ക് ശേഷം ഒരു പുതിയ മതം (ദീൻ) പ്രബോധിക്കുന്ന ഒരു പ്രവാചകനും വന്നിട്ടില്ല; വരികയുമില്ല. എന്നാൽ, നബി തിരുമേനി(സ)യുടെ ആത്മീയശിഷ്യത്വം അലങ്കരിച്ചുകൊണ്ട് ഖുർആനിക നിയമങ്ങളെ നടപ്പിൽ വരുത്തന്നതിനും ഇസ്‌ലാമിനെ പുനരുദ്ധരിക്കുന്നതിനുമായി ഒരു പ്രവാചകൻ വന്നിട്ടുണ്ട്. അദ്ദേഹമാണ് അഹ്‌മദിയ്യാ ജമാഅത്തിന്റെ പരിശുദ്ധസ്ഥാപകരായ ഹസ്റത്ത് മിർസാ ഗുലാം അഹ്‌മദ്(അ). അങ്ങനെയുള്ള ഉമ്മത്തീനബിമാർ (ശിഷ്യപ്രവാചകന്മാർ) വരാവുന്നതാണെന്ന് ഖുർആനിൽനിന്ന് തെളിയുന്നുണ്ട്. എന്നാൽ, അത് സംബന്ധിച്ച ഖണ്ഡിതമായ അറിവ് അല്ലാഹുവിന്നല്ലാതെ മറ്റാർക്കുമില്ലതന്നെ.

◆◆◆◆◆

## ചോദ്യങ്ങൾ

1. മുഹമ്മദ്(സ) എവിടെ? എപ്പോൾ ജനിച്ചു?
2. നബി(സ) യുടെ മാതാപിതാക്കളുടെ പേരെന്ത്?
3. മാതാപിതാക്കളുടെ മരണശേഷം നബി(സ)യെ വളർത്തിയത് ആരെല്ലാം?
4. നബി(സ)യുടെ ഉപദേശങ്ങളുടെ സാരാംശം എന്തായിരുന്നു?
5. നബി(സ) ദൈവികസന്ദേശം പ്രചരിപ്പിച്ചപ്പോൾ ജനങ്ങളുടെ പ്രതികരണം എന്തായിരുന്നു?
6. നബി(സ) ഹിജ്റത്ത് പോയതെപ്പോൾ? എവിടെനിന്ന് എവിടേക്ക്?

7. മദീനാവാസികൾ നബി(സ)നോട് എങ്ങനെയാണ് പെരുമാറിയത്?
8. നബി(സ) എവിടെ, എപ്പോൾ വഫാത്തായി?
9. ‘ഖാത്തമുന്നബിയ്യീൻ’ എന്നാൽ എന്താണ് വിവക്ഷിതം?
10. നബി(സ)ന്റെ ചെറുപ്പകാലം എങ്ങനെയായിരുന്നു?
11. നബി(സ)ന്റെ സ്വഭാവഗുണങ്ങൾ എന്തെല്ലാമായിരുന്നു?
12. നബി(സ)നു ശേഷം വന്ന ഉമ്മത്തീനബിയുടെ പേരെന്ത്?

### പാഠം- 4

# പരിശുദ്ധഖുർആൻ

മുഹമ്മദ്നബി(സ) മുഖേന അല്ലാഹുവിൽനിന്ന് അവതരിച്ച ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. അത് അല്ലാഹുവിന്റെ വചനമാകുന്നു. 23 കൊല്ലക്കാലംകൊണ്ട് പല പ്രാവശ്യമായി, സന്ദർഭോചിതം ഇറങ്ങിക്കൊണ്ടിരുന്ന ദിവ്യസന്ദേശങ്ങളാണത്. ഖുർആൻ പരിപൂർണ്ണ ന്യായപ്രമാണഗ്രന്ഥമാകുന്നു. പൂർവ്വിക ദിവ്യഗ്രന്ഥങ്ങളിലെ എല്ലാ സത്യങ്ങളും ഖുർആൻ ഉൾക്കൊള്ളുന്നുണ്ട്. അത് അഖണ്ഡമായ പ്രമാണമത്രെ. അതിന്നെതിരിൽ ഒരു രേഖയും വിലപ്പോവുകയില്ല. ഖുർആൻ മനുഷ്യനെ നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു. അതിൽ ചിന്തിക്കുന്ന പരിശുദ്ധന്മാർക്ക് കൂടുതൽ കൂടുതൽ ദൈവികജ്ഞാനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതുമാണ്. ഖുർആന് തുല്യമായി ഒരു ഗ്രന്ഥവുമില്ല. അതിലെ ഏറ്റവും ചെറിയ ഒരദ്ധ്യായത്തിന്നു തുല്യമായിട്ടുപോലും വേറെ ഒന്ന് രചിക്കാൻ ഒരാളാലും സാധ്യവുമല്ല. അത് സുരക്ഷിതഗ്രന്ഥമാണ്. അതിൽ ഒരു മാറ്റവും ഒരിക്കലും വരികയില്ല. പൂർവ്വദിവ്യഗ്രന്ഥങ്ങളെല്ലാം കാലഹരണപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അവ മനുഷ്യരുടെ കൈകടത്തലിന്നു വിധേയമായി അലങ്കോലപ്പെട്ടുപോയി. എന്നാൽ, ഖുർആൻ അങ്ങനെയല്ല. അത് മാറ്റിമറിക്കപ്പെടുകയില്ല; കാലഹരണപ്പെടുകയുമില്ല. എന്തെന്നാൽ അതിന്റെ സംരക്ഷണബാധ്യത അല്ലാഹു താൻ തന്നെ ഏറ്റെടുത്തിരിക്കുന്നു. അത് ലോകാവസാനംവരെ നിലനിൽക്കും. നാമെല്ലാവരും ഖുർആനെ അക്ഷരംപ്രതി പിൻപറ്റേണ്ടതാണ്.

◆◆◆◆◆

### ചോദ്യങ്ങൾ

1. വിശുദ്ധഖുർആൻ എത്ര വർഷംകൊണ്ടാണ് ഇറങ്ങിയത്?
2. വിശുദ്ധഖുർആന്റെ സംരക്ഷണം ആരാണ് ഏറ്റെടുത്തിരിക്കുന്നത്?
3. മുൻകാല ദൈവികഗ്രന്ഥങ്ങൾക്ക് സംഭവിച്ചതെന്താണ്?

### പാഠം- 5

# സുന്നത്തും ഹദീസും

മുഹമ്മദ്നബി(സ)യുടെ ജീവിതചര്യകൾക്ക് സുന്നത്ത് എന്ന് പറയുന്നു. നബിതിരുമേനിയുടെ അനുചരന്മാർ തിരുമേനിയുടെ നടപടിക്രമങ്ങളെ തങ്ങളുടെ ജീവിതത്തിൽ പകർത്തിയെടുത്തു പിൻഗാമികൾ അതിനെ പിൻതുടർന്നുപോന്നു. അങ്ങനെ പാരമ്പര്യമായി അത് നമുക്ക് ലഭിച്ചു. അതാണ് 'സുന്നത്ത്'.

നബി(സ)യുടെ വചനങ്ങൾക്ക് ഹദീസ് എന്നു പറയുന്നു. ഇസ്ലാമിന്റെ മൗലികപ്രമാണമായ ഖുർആനുശേഷം രണ്ടാം സ്ഥാനം സുന്നത്തിന്നാകുന്നു. ഹദീസിനു മൂന്നാം സ്ഥാനവും. അത് നബി(സ) തിരുമേനി ഇഹലോകവാസം വെടിഞ്ഞ് 100, 150 വർഷത്തിനുശേഷം ക്രോഡീകരിക്കപ്പെട്ടതാണ്. നിലവിലുള്ള പ്രാമാണിക ഹദീസുഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവ: സഹീഹ് ബുഖാരി, സഹീഹ് മുസ്ലിം, സുനനു അബൂദാവൂദ്, സുനനു ഇബ്നുമാജാ, ജാമിഉ തിർമിദി, സുനനു നസായി ഇവയാകുന്നു. ഈ ഗ്രന്ഥങ്ങൾ സിഹാഹുസ്സിത്തഃ എന്ന പേരിൽ അറിയപ്പെടുന്നു.

◆◆◆◆◆

**ചോദ്യങ്ങൾ**

1. എന്താണ് സുന്നത്ത്?
2. എന്താണ് ഹദീസ്?
3. ഇസ്ലാമിന്റെ മൗലികപ്രമാണങ്ങൾ എത്ര? അവ ഏതെല്ലാം?
4. സിഹാഹുസ്സിത്തഃ ഏതെല്ലാം?

## പാഠം- 6

# ഖലീഫ

പ്രവാചകന്മാരുടെ മരണശേഷം അവരുടെ ആത്മീയ പ്രാതിനിധ്യം വഹിച്ചുകൊണ്ട് വിശ്വാസികളുടെ നേതാവായി തിരഞ്ഞെടുക്കപ്പെടുന്ന മഹാത്മാക്കൾക്ക് ഖലീഫമാർ എന്നു പറയുന്നു. അവർക്ക് അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം ലഭിക്കുന്നു. മുഹമ്മദ്നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം മുസ്ലിംകളുടെ ആത്മീയനേതാവും ഖലീഫയുമായി ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിയോഗാനന്തരം ഹസ്റത്ത് ഉമറുബ്നുൽ ഖത്താബ്(റ) ഖലീഫയായി. അദ്ദേഹത്തിനുശേഷം ഉസ്മാനുബ്നു അഫ്ഫാൻ(റ) അലിയുബ്നു അബിത്വാലിബ്(റ) എന്നിവർ ഖലീഫമാരായി. ഇവരെ ഖുലഫാഉർറാശിദീൻ എന്നു പറയുന്നു. ഖുലഫാഉർറാശിദീങ്ങളുടെ കാലഘട്ടം ഏകദേശം 30 വർഷം നീണ്ടുനിന്നു.

പിന്നീട് മുസ്ലിംകളിൽ യഥാർത്ഥ ഖലീഫമാരില്ലാതായി. അതിന്റെ ഫലമായി ഭിന്നിപ്പും ചേരിതിരിവും ഉണ്ടായി. അങ്ങനെ മുസ്ലിംകൾ അധഃപതിച്ചുകൊണ്ടേയിരുന്നു. കാലാന്തരത്തിൽ, അവർ പേരിനു മാത്രം മുസ്ലിംകളായിത്തീർന്നു.

◆◆◆◆◆

### ചോദ്യങ്ങൾ

1. ആരാണ് ഖലീഫമാർ?
2. ഖുലഫാഉർ റാശിദീൻ ആരെല്ലാം?
3. ഖുലഫാഉർ റാശിദീന്റെ കാലഘട്ടം എത്ര വർഷമായിരുന്നു?
4. മുസ്ലിംകളുടെ അധഃപതനത്തിന് കാരണമെന്ത്?

### പാഠം- 7

# മസീഹ് മൗഊദ്(അ)

മുസ്ലിംലോകം എല്ലാ പ്രകാരത്തിലും അധഃപതിക്കുകയും ഇസ്ലാമിന്റെ നില അതിശോചനീയമായിത്തീരുകയും ചെയ്തപ്പോൾ അല്ലാഹു ഈ സമുദായത്തിൽനിന്ന് ഒരു മഹാപുരുഷനെ എഴുന്നേല്പിച്ചു. അദ്ദേഹം മുഖേന ഇസ്ലാമിനെ പുനരുദ്ധരിക്കുമെന്നും മുഹമ്മദ് നബി(സ)യുടെ പ്രവചനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ആ മഹാത്മാവിന് മസീഹ് എന്നും ഇമാം മഹ്ദിയെന്നുമുള്ള സ്ഥാനപ്പേരുകൾ അല്ലാഹുവിൽനിന്ന് നല്കപ്പെടുന്നതാണെന്നും നബിവചനങ്ങളിൽനിന്ന് തെളിയുന്നുണ്ട്. ആ മഹാത്മാവ് ആഗതരായിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ പേർ മിർസാ ഗുലാം അഹ്മദ്(അ) എന്നാകുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1835 ഫിബ്രുവരി 13-ന് ഭൂജാതരായി. പഞ്ചാബിലെ ഖാദിയാൻ ആണ് അദ്ദേഹത്തിന്റെ ജന്മദേശം. ചെറുപ്പം മുതൽക്കേ ഉൽക്കൃഷ്ട സ്വഭാവങ്ങളോടുകൂടിയ ആളായിരുന്നു അദ്ദേഹം. ശാന്തവും പരിശുദ്ധവുമായ ജീവിതമായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. അദ്ദേഹത്തിന്റെ ദൈവഭക്തിയും ഇസ്ലാമിക സേവനങ്ങളും കണ്ട് എല്ലാവരും അദ്ദേഹത്തെ സ്തുതിക്കുകയും ബഹുമാനിക്കുകയും 'വലിയ്യാ'ണെന്ന് മനസ്സിലാക്കുകയും ചെയ്തിരുന്നു.

1868-ൽ അല്ലാഹു അദ്ദേഹത്തിന് ദിവ്യ വെളിപാടുകൾ (വഹ്യ്) നൽകിത്തുടങ്ങി. ഇസ്ലാമിന്റെ പുനരുദ്ധാരണാർത്ഥം അല്ലാഹു അദ്ദേഹത്തെ നിയോഗിച്ചു. അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഇസ്ലാമിൽ വാഗ്ദത്തം ചെയ്യപ്പെട്ട മഹ്ദിയും മസീഹും താനാണെന്ന് അദ്ദേഹം ലോകത്തോട് പ്രഖ്യാപിച്ചു.

ഈ ദൈവിക അറിയിപ്പ് അദ്ദേഹം വെളിപ്പെടുത്തിയപ്പോൾ ഭൂരിഭാഗം ജനങ്ങളും അദ്ദേഹത്തിന്റെ എതിരാളികളായിത്തീർന്നു. മിത്ര

ങ്ങൾ ശത്രുക്കളായി മാറി. അവർ ചീത്തപറഞ്ഞു പരിഹസിച്ചു. പല വിധത്തിലും ഉപദ്രവിച്ചു, കൊല്ലാൻ തന്നെയും ശ്രമിച്ചു; മുഹമ്മദ്നബി(സ)യെ മക്കാനിവാസികൾ എതിർത്തതുപോലെ. എന്നാൽ അല്ലാഹുവിന്റെ സഹായവും രക്ഷയും തനിക്ക് ലഭിക്കുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം ഉൽഘോഷിച്ചു. അങ്ങനെ തന്നെ സംഭവിച്ചു. മഹത്തായ ദൈവികസഹായങ്ങൾ അദ്ദേഹത്തിനു ലഭിച്ചുകൊണ്ടേയിരുന്നു. നല്ല മനുഷ്യർ അദ്ദേഹത്തെ സ്വീകരിച്ചുതുടങ്ങി. കാലക്രമത്തിൽ അവർ വർദ്ധിച്ചുകൊണ്ടേയിരുന്നു. ലോകം മുഴുവൻ എതിർത്തിട്ടും അദ്ദേഹത്തെ പരാജയപ്പെടുത്താൻ ശത്രുക്കൾക്ക് കഴിഞ്ഞില്ല. അല്ലാഹു അദ്ദേഹത്തേയും അനുചര സംഘത്തേയും വിജയിപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ അഞ്ചുലക്ഷം ആളുകൾ അദ്ദേഹത്തെ സ്വീകരിച്ചു. അറബി, ഉർദു, ഫാരിസി എന്നീ ഭാഷകളിൽ എൺപതിലധികം ഗ്രന്ഥങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. 1908 മെയ് മാസം 26-ന് അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ ഖബർ ഖാദിയാനിലാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന് അല്ലാഹു മഹ്ദി എന്നും മസീഹ് എന്നുമുള്ള സ്ഥാനപ്പേരുകൾ നൽകിയിരിക്കുന്നു. ഈസാ നബി(അ)യോടുള്ള സാദൃശ്യം നിമിത്തമാണ് 'മസീഹ്' എന്ന പേര് സിദ്ധിച്ചത്. 'മഹ്ദി' എന്ന വാക്കിന്റെ അർത്ഥം ദൈവികമാർഗ്ഗദർശനം അതായത് ഹിദായത്ത് ലഭിച്ച ആൾ എന്നാകുന്നു. നാം പൊതുവെ അദ്ദേഹത്തെ മസീഹ് മൗഊദ് എന്നാണ് പറഞ്ഞുവരുന്നത്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്- മസീഹ് മൗഊദ്(അ) ഒരു പുതിയ മതം കൊണ്ടുവന്നിട്ടില്ല. ഇസ്ലാമിൽ ഒരു മാറ്റവും വരുത്തിയിട്ടുമില്ല. നേരെ മറിച്ച്, താൻ ഇസ്ലാമിന്റെ പുനരുദ്ധാരകനും മുഹമ്മദ് നബി(സ) തിരുമേനിയുടെ ആത്മീയശിഷ്യനുമാണെന്നത്രെ ദൈവിക അറിയിപ്പനുസരിച്ച് അദ്ദേഹം നമ്മെ പഠിപ്പിച്ചിട്ടുള്ളത്. മാത്രമല്ല, മുഹമ്മദ്നബി(സ) തിരുമേനിയോടുള്ള അനുസരണം വഴി ഇസ്ലാമിന് സേവനം ചെയ്യുന്നതിനായി അല്ലാഹു തനിക്ക് നുബുവ്വത്ത് (പ്രവാചകത്വം) എന്ന പദവി നൽകിയിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചിട്ടുണ്ട്. താൻ മുഹമ്മദ്നബി(സ) തിരുമേനിയുടെ പ്രതിഛായയും പ്രതിനിധിയുമാണെന്നാകുന്നു അദ്ദേഹം പറഞ്ഞിട്ടുള്ളത്.

ദൈവകല്പനയനുസരിച്ച് അദ്ദേഹം തന്റെ അനുചരസംഘത്തിന് 'മുസ്ലിം ഫിർഖഃ അഹ്മദിയ്യാ' അഥവാ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന് നാമകരണം ചെയ്തിരിക്കുന്നു.

ഈ ജമാഅത്തിന്റെ കേന്ദ്രസ്ഥാനം ഖാദിയാൻ ആണ്. ഇപ്പോൾ 185 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ശാഖകൾ സ്ഥാപിതമായി കഴിഞ്ഞിട്ടുണ്ട്. ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന്നത്രെ ഈ ജമാഅത്ത് പ്രവർത്തിച്ചുവരുന്നത്. ഇസ്ലാമിന്റെ രക്ഷയും പുരോഗതിയും ഇതുമായി ബന്ധപ്പെട്ടു നിലകൊള്ളുന്നു.

◆◆◆◆◆

## ചോദ്യങ്ങൾ

1. ഇസ്ലാമിന്റെ പുനരുജ്ജീവനത്തിന് അല്ലാഹു ആരെയാണ് നിയോഗിച്ചത്?
2. വാഗ്ദത്ത മസീഹിന്റെ പേരെന്ത്?
3. അദ്ദേഹത്തിന്റെ സ്ഥാനപ്പേരുകൾ എന്തെല്ലാം?
4. ഹദ്റത്ത് അഹ്മദ്(അ) എപ്പോൾ, എവിടെ ജനിച്ചു?
5. എത്രാമത്തെ വയസ്സിലാണ് മസീഹ് മൗഊദ്(അ)ന് വഹ്യ് കിട്ടിത്തുടങ്ങിയത്?
6. ഹദ്റത്ത് അഹ്മദ്(അ)ന്റെ ചെറുപ്പകാലം എങ്ങനെയായിരുന്നു?
7. ദൈവികസന്ദേശം കേൾപ്പിച്ചപ്പോൾ ജനങ്ങൾ എങ്ങനെയാണ് പ്രതികരിച്ചത്?
8. ഹദ്റത്ത് അഹ്മദ്(അ)ന്റെ ജീവിതകാലത്ത് എത്ര അഹ്മദികളുണ്ടായിരുന്നു?
9. അദ്ദേഹം ഏതെല്ലാം ഭാഷകളിൽ, എത്ര ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്?
10. അദ്ദേഹം വഫാത്തായതെപ്പോൾ?
11. അദ്ദേഹം തന്റെ ജമാഅത്തിന് നൽകിയ പേരെന്ത്?
12. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്തിനുവേണ്ടി നിലകൊള്ളുന്നു?

### പാഠം- 8

# ഖലീഫത്തുൽ മസീഹ്

മുഹമ്മദ് നബി(സ) വഫാത്തായപ്പോൾ ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടുവെന്ന് മുമ്പു പഠിച്ചുവല്ലോ. അതേപ്രകാരം, ഹസ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ ആ മഹാത്മാവിന്റെ പ്രഥമ ഖലീഫയും (ഖലീഫത്തുൽ മസീഹ് അവ്വൽ) ജമാഅത്തിന്റെ ഇമാമുമായി ഹസ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) തിരഞ്ഞെടുക്കപ്പെട്ടു. ആറുകൊല്ലക്കാലം അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ജമാഅത്ത് പ്രവർത്തനങ്ങൾ നടന്നു.

1914 മാർച്ച് 13-ന് മൗലാനാ നൂറുദ്ദീൻ സാഹിബ്(റ) വഫാത്തായപ്പോൾ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ) രണ്ടാം ഖലീഫയായി (ഖലീഫത്തുൽ മസീഹ് ഥാനി) തിരഞ്ഞെടുക്കപ്പെട്ടു. നീണ്ട 52 വർഷക്കാലം അദ്ദേഹം ജമാഅത്തിന് നേതൃത്വം നൽകി. ജമാഅത്തിന് സാർവ്വലൗകിക പ്രചാരം സിദ്ധിച്ചതും വിദേശങ്ങളിൽ ഇസ്ലാമിക പ്രവർത്തന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തുടങ്ങിയതും അദ്ദേഹത്തിന്റെ അനുഗൃഹീതകാലത്തായിരുന്നു.

1965 നവംബർ 8-ന് അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്) മൂന്നാം ഖലീഫയായി (ഖലീഫത്തുൽ മസീഹ് സാലിസ്) തിരഞ്ഞെടുക്കപ്പെട്ടു. 1982 ജൂൺ 8-നും 9-നും ഇടയ്ക്കുള്ള രാത്രിയിൽ അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്) 4-ാം ഖലീഫയായി (ഖലീഫത്തുൽ മസീഹ് റാബിഅ്) തിരഞ്ഞെടുക്കപ്പെട്ടു. 2003 ഏപ്രിൽ 18-ന് അദ്ദേഹം വഫാത്തായപ്പോൾ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) അഞ്ചാമത്തെ ഖലീഫയായി (ഖലീഫത്തുൽ മസീഹ് ഖാമിസ്) തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹ

ത്തിന്റെ അനുഗൃഹീത നേതൃത്വത്തിൽ ഇപ്പോൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും ഇസ്‌ലാമിന്റെ പ്രചാരണ പ്രവർത്തനം നടന്നുവരുന്നു. അല്ലാഹു അദ്ദേഹത്തിന് സൗഖ്യവും ദീർഘായുസ്സും അധികമധികം പിന്തുണയും നൽകുമാറാകട്ടെ. ആമീൻ.

നാം അദ്ദേഹത്തെ 'ഖലീഫത്തുൽ മസീഹ്' എന്നും 'അമീറുൽ മുഅ്മിനീൻ' എന്നും സംബോധന ചെയ്യുന്നു.

ഖലീഫമാരെ അനുസരിക്കേണ്ടത് നമുക്ക് നിർബന്ധമാണ്. അനുസരിക്കാത്തവരെപ്പറ്റി അധർമ്മകാരികൾ (ഫാസിഖ്) എന്നാണ് ഖുർആനിൽ വിശേഷിപ്പിച്ചിട്ടുള്ളത്. അത്തരം ആളുകളെ അല്ലാഹു ഇഷ്ടപ്പെടുകയില്ല.

◆◆◆◆◆

**ചോദ്യങ്ങൾ**

1. ആരെയാണ് ഖലീഫത്തുൽ മസീഹ് എന്ന് പറയുന്നത്?
2. അദ്ദേഹത്തെ അഭിസംബോധന ചെയ്യുന്നതിന് ഉപയോഗിക്കുന്ന മറ്റൊരു പേരെന്ത്?
3. അഞ്ച് ഖലീഫമാരുടെ പേരുകളും അവരുടെ ഖിലാഫത്ത് കാലഘട്ടവും പറയുക.
4. ഖലീഫമാരെ അനുസരിക്കാത്തവരെപ്പറ്റി ഖുർആൻ എന്ത് പറയുന്നു?

### പാഠം- 9

# ചില ഖുർആനിക അദ്ധ്യാപനങ്ങൾ

1) അല്ലാഹു ഏകനാണ് അവനെ മാത്രമേ ആരാധിക്കാവൂ. ഇതാണ് തൗഹീദ്.

അല്ലാഹുവിനെയല്ലാതെ ജീവനുള്ളതോ ജീവനില്ലാത്തതോ ആയ എന്തിനെയെങ്കിലും ആരാധിക്കുന്നതിന് 'ശിർക്ക്' എന്ന് പറയുന്നു. സത്തയിലോ, ഗുണത്തിലോ, പ്രവൃത്തിയിലോ അല്ലാഹുവിനോടൊപ്പം ഏതിനെയെങ്കിലും കൂട്ടുചേർക്കുന്നതും ശിർക്കാണ്. അത് അല്ലാഹു പൊറുത്തു കൊടുക്കാത്ത കൊടുംപാപമാകുന്നു. അല്ലാഹുവിന്റെയും റസൂലിന്റെയും എല്ലാ കല്പനകളും അനുസരിക്കുകയും അവയ്ക്ക് മുൻഗണന നൽകുകയും ചെയ്യേണ്ടതാണ്.

2) മാതാപിതാക്കളെ ബഹുമാനിക്കുക; അവരെ സ്നേഹപൂർവ്വം അനുസരിക്കുക; അവരോട് കയർത്ത് സംസാരിക്കാതിരിക്കുക; അവർക്ക് സേവനം ചെയ്യുക; അവരെ സഹായിക്കുക; അവർക്കു വേണ്ടി പ്രാർത്ഥിക്കുക; ദൈവഹിതത്തിനെതിരല്ലാത്ത അവരുടെ എല്ലാ ആജ്ഞകളും അനുസരിക്കുക.

3) നമസ്കാരം അതിന്റെ സമയങ്ങളിൽ കൃത്യമായി നിലനിർത്തുക.

4) റമസാൻ മാസത്തിൽ നോമ്പ് അനുഷ്ഠിക്കുക.

5) സക്കാത്ത് കൊടുക്കുക.

6) കഴിവുള്ളവർ ഹജ്ജ് നിർവ്വഹിക്കുക.

7) ആൺ, പെൺ എന്ന വ്യത്യാസമല്ലാതെ മനുഷ്യർ തമ്മിൽ വേറെ ഒരു ജാതി വ്യത്യാസവുമില്ല. കൂടുതൽ ദൈവഭക്തിയുള്ളവരാരോ അവരത്രെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അധികം മാന്യതയുള്ളവർ. എല്ലാവരോടും മമതയിലും നീതിയിലും സ്നേഹത്തിലും വർത്തിക്കുക.

8) സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങളാകുന്നു; അന്യോന്യം സ്നേഹവും ഐക്യവും പുലർത്തുക; ഒരാൾ മറ്റൊരാളെ അപമാനിക്കുകയോ ദൂഷണം പറയുകയോ അരുത്. പരസ്പരസഹായവും സഹതാപവും എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്.

9) പ്രയാസങ്ങളും കഷ്ടതകളും നേരിടുമ്പോൾ പതറാതെ സ്ഥിരചിത്തതയും സഹനവും കൈക്കൊള്ളുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക.

10) എല്ലാ നല്ല കാര്യങ്ങൾക്കുംവേണ്ടി കഴിവനുസരിച്ചു പരിശ്രമിക്കുകയും അല്ലാഹുവിനോട് സഹായമർത്ഥിക്കുകയും ചെയ്യുക.

11) പാപപ്പൊറുതിക്കായി എപ്പോഴും അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക.

12) വിനയസ്വഭാവം കൈക്കൊള്ളുക; അഹങ്കരിക്കരുത്; ആരേയും നിന്ദിക്കുകയുമരുത്.

13) ഇസ്‌ലാമിക സന്ദേശം എല്ലാവരിലും സ്നേഹപൂർവ്വം പ്രചരിപ്പിക്കുക. അതിന്നായി സർവ്വകഴിവുകളും ഉപയോഗിക്കുക.

14) സാധുക്കളെ സഹായിക്കുക; അനാഥരോട് കരുണ കാണിക്കുക. ചോദിക്കുന്നവർക്ക് കൊടുക്കാൻ സാധിക്കാത്തപക്ഷം നല്ല വാക്ക് പറയുക.

15) സത്യം പറയുക; കള്ളം പറയരുത്; കബളിപ്പിക്കരുത്; ആരേയും വഞ്ചിക്കരുത്; വിശ്വസ്തത പാലിക്കുക.

16) മോഷ്ടിക്കരുത്; ആരുടെയും അവകാശം ഹനിക്കരുത്; കരാറുകൾ പാലിക്കുക.

17) സൽഭാവന കൈക്കൊള്ളുക; ആരെപറ്റിയും ദുർധാരണ വെച്ചുപുലർത്തരുത്.

# സത്യപ്രതിജ്ഞ
## (നാസിറാത്തുൽ അഹ്മദിയ്യാ)

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَاشَرِيْكَ
لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

സ്വന്തം മതത്തിനും സ്വസമുദായത്തിനും സ്വദേശത്തിനും വേണ്ടി സേവനം ചെയ്യാൻ സദാ സന്നദ്ധയായിരിക്കുമെന്നും സത്യസന്ധതയിൽ എപ്പോഴും നിലനില്ക്കുമെന്നും ഞാൻ ഏറ്റുപറഞ്ഞുകൊള്ളുന്നു. ഇൻശാഅല്ലാഹ്.